
# ഫിംഗർ പ്രിന്റ്സ്



ജി. എച്ച് .എസ് .എസ്

മുപ്പത്തടം



മുപ്പത്തടം ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടന്നുവരുന്നു. സ്കൂൾ ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങളിലും മറ്റ് സ്മാർട്ട് ക്ലാസ്സ് റൂം പ്രവർത്തനങ്ങളിലും കുട്ടികൾ നല്ല രീതിയിൽ സഹകരിച്ചു വരുന്നു. കുട്ടികളുടെ സർഗ്ഗവാസനകളുടെ ഡിജിറ്റൽ രൂപമായ  ഫിംഗർ പ്രിന്റ്സ് എന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

**ശ്രീമതി എമിലി സെബാസ്റ്റ്യൻ**
**ഹെഡ്മിസ്ട്രസ്**



സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം മെച്ചപ്പെട്ട രീതിയിൽ വിദ്യാഭ്യാസത്തിൽ വിപ്ലവം സൃഷ്ടിക്കുന്നതിനുള്ള ഒരു ചുവടുവെപ്പായി തോന്നുന്നു. ശരിയായ കാരണവും ദർശനവും ഒരുമിച്ച് ഉപയോഗിക്കുകയാണെങ്കിൽ സാങ്കേതികവിദ്യയും വിദ്യാഭ്യാസവും ഒരു മികച്ച സംയോജനമാണ്. സ്കൂളുകളിൽ ഇത്തരം ഒരു സംയോജനത്തിന് അവസരമൊരുക്കാൻ ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബിന് കഴിയുന്നു എന്ന് നിസംശയം പറയാം. ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ ഫിംഗർ പ്രിന്റ്സ് ന് എല്ലാ വിധ ആശംസകളും നേരുന്നു

## വാർഡ് മെമ്പർ
## ശ്രീ രാജീവ് കെ എൻ



സാങ്കേതിക വിദ്യ അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കുട്ടികളെ സാങ്കേതികവിദ്യയിൽ നിപുണരാക്കാൻ പര്യാപ്തമായ ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബിന്റെ ഫിംഗർ പ്രിന്റ്സ് എന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

**PTA പ്രസിഡണ്ട്**
**ശ്രീ. അജയകുമാർ എൻ എൻ**



ലക്ഷ്മി പ്രഭ എം



നസീറ ഇ എ



ജോൺ ആൽഡിൻ
റോബർട്ട്



ധനഞ്ജയ് പ്രകാശ്



സാൽവിൻ ആന്റണി




കൈലാസ് നാഥ് ആർ



ജെഫ്രിൻ ജോൺസൺ

# ഇന്ന്




# നമ്മുടെ വിദ്യാലയം

# വരും നാളിൽ



# INDEX


1. ആഴി-കവിത=pg:7
2. മഴ-കവിത=pg:8
3. പ്രാവിനോട്-കവിത=pg:9
4. പ്രകൃതി-കവിത=10
5. പ്രാവും മഴവില്ലും-കഥ=11
6. പ്രഭാതം-കഥ=12
7. ദിവ്യ ശക്തിയുള്ള വൈദ്യൻ-കഥ=13
8. ജീവിതത്തിന്റെ സുഗന്ധം-കഥ=14
9. ഒരു അമ്മ പെറ്റ മക്കള്-കഥ=15
10. വാളുകളേക്കാൾ മൂർച്ചയുള്ളവാക്കുകൾ- കവിത=16
11. മണ്ണിന്റെ ഗീതം-കവിത=17
12. മിന്നാമിനുങ്ങ്-കഥ=18
13. കരുണം-കഥ=19
14. ഒരു ഓർമ്മക്കുറിപ്പ്-യാത്രാവിവരണം=21
15. സൂര്യൻ-കവിത=23
16. ശാസ്ത്ര കടങ്കഥകൾ=24
17. നാട്ടറിവ്=25
18. പ്രധാന പരിപാടികള്=pg:26-51

# ആഴി

അസ്തമയ സൂര്യന്റെ
ചെങ്കതിരേറ്റ തിരകൾ
സ്വർണ്ണ നിറമായപ്പോൾ
അതിരറ്റ
ആഹ്ലാദത്താൽ
വെൺമുത്തുചിതറി

ആഴിതൻ ആഴങ്ങൾ
നോക്കിനില്ക്കേ
കണ്ടു ഞാൻ
ആർത്തുചിരിക്കും
തിരകളെ
ആഴിയിൽ ഒളിപ്പിച്ച
മുത്തും പവിഴങ്ങളും
മനമാകും ചെപ്പിൽ
എടുത്തുവച്ചു

സാന്ത്വന കൈകളാൽ
തീരത്തെ തഴുകി
തലോടും തിരകൾ
രചിച്ചകവിതകളേറേ
യും
നിന്നെകുറിച്ചുള്ളതാ
യിരുന്നു

രാവേറെയായി
തിരിച്ചുഞാൻ
വീണ്ടുമൊരുസൂര്യന്റെ
വരവിനായ്
കാത്തുനില്ക്കാതെ...

-ബബിത ഹരീന്ദ്ര

ഹിന്ദി അധ്യാപിക
ജി എച്ച് എസ് എസ്
മുപ്പത്തടം

# മഴ

മാനം ഇരുട്ടി
മഴത്തുള്ളികൾ വീണു തുടങ്ങി
ശക്തമായ കാറ്റും വന്നു-
ഒരു ചുഴലിക്കാറ്റു പോലെ
കൂട്ടുകാർ എന്ന പോലെ-
ഇടി മിന്നലും വന്നു
മിന്നല് വന്നപ്പോൾ വീട്ടിൽ
ഞാൻ മൂടിപ്പുതച്ചുറങ്ങി
ജനലിലൂടെ പാളിനോക്കിയപ്പോൾ കണ്ടു
മഴ നിന്നിട്ടില്ല
കുറച്ചു കഴിഞ്ഞു ഞാൻ എഴുന്നേറ്റു
എത്ര നേരമാ ഇങ്ങനെ കിടക്കുന്നത്
വീണ്ടും പുറത്തേക്ക് നോക്കിയപ്പോൾ
മഴ ഇനിയും നിന്നിട്ടില്ല
ഞാൻ ഒരു കട്ടൻ കാപ്പി കുടിച്ചുകൊണ്ടിരിക്കെ
മഴ നിന്നു.മിന്നലും പോയി
പക്ഷേ കാറ്റ് ഇപ്പോഴും വീശികൊണ്ടിരിക്കുന്നു
പുറത്തേക്ക് ഇറങ്ങിയ എന്നെ കാറ്റ്
പതിയെ തലോടി എനിക്ക് അതൊരു
ഇക്കിളി ആയി മാറി.

-ഫസ്ന നസീർ എം എ
7 ബി

# പ്രാവിനോട്

വെള്ളരി പ്രാവേ
നീ വന്നിടുമ്പോ
ളെന്താരു സന്തോഷ
മെന്തു വെൺമ
മാലാഖമാർ തന്നു
ടുപ്പണിഞ്ഞോ നിന്നെ
മാനത്തെ വെൺ മേഘ
മുമ്മവെച്ചോ
കൊച്ചരി പ്രാവോ
യീശാന്തഭാവം
എങ്ങനെയുള്ളിൽ
കടന്നു വന്നു ,,,
ആകാശപ്പൊയ്കയി
ലാറാടിയോ പിന്നെ
ആമ്പൽപ്പൂ മൊട്ടിൽ
തപസ്സിരുന്നോ.....



വിജയ് യു
6c

# പ്രകൃതി

ക്ഷിതിയെന്ന പ്രകൃതിയെ
ഞാനെന്ന വികൃതിയാൽ
നോവിക്കുവാൻ നാം ശ്രമിക്കരുതേ....
കൂട്ടരേ ഓർക്കുക
പ്രകൃതി ഇല്ലെങ്കിൽ നമ്മളില്ലെന്ന-
സത്യത്തെ അറിയുക

പ്രളയവും പ്രകൃതി ദുരന്തവും
പണ്ടു നാം പ്രകൃതിയാം ഭൂമിയെ
നോവിച്ചതിൻ ഫലം
ഇതിനുള്ള പ്രതിരോധം എന്തെന്നറിയിക്കുക
പ്രകൃതിയെ സ്നേഹിക്കണം എന്നത്
ഓർക്കുക
കാടും പുഴകളും മലകളും നമ്മൾക്ക്
കാലം കരുതിയ സമ്പത്താണെന്ന്
ഓർക്കുക
ഹരിതമാം ഭൂമിയെ വേദനിപ്പിക്കാത്ത
വേലകൾ ചെയ്ത് നമുക്ക് നീങ്ങാം....
മലകൾ നിവർന്നങ്ങു തന്നെ നിൽക്കട്ടെ
ജലാശയങ്ങൾ നിറഞ്ഞ് ഒഴുകി ഇരിക്കട്ടെ -
കാടും വീടും ഹരിതമായ് നിൽക്കട്ടെ
മനസ്സിന്റെ നന്മകൾ പൂത്തുലഞ്ഞീടട്ടെ
നല്ലനാളെയ്ക്കായ് കൈകോർത്ത് നിൽക്കാം
അമ്മയാം ഭൂമിയെ കാത്തുരക്ഷിക്കാം
അമ്മയാം ഭൂമിയെ കാത്തുരക്ഷിക്കാം

-ദാർഷിക്ക്
6c

# പ്രാവും മഴവില്ലും

ഒരു സ്ഥലത്ത് സുന്ദരി എന്നു പേരുള്ള ഒരു വെള്ളരി പ്രാവുണ്ടായിരുന്നു.താനാണ് ഏറ്റവും സുന്ദരി എന്ന് അഹങ്കരിച്ചാണ് നടക്കുന്നത് .ഒരു ദിവസം കൂട്ടുകാരുമൊത്ത് പറന്നു നടക്കുമ്പോൾ മാനത്ത് അതിസുന്ദരമായ ഒരു മഴവില്ല്. കൂട്ടുകാർ തുള്ളിച്ചാടി .ഏറ്റവും സുന്ദരിയാണെന്ന് കരുതുന്ന സുന്ദരിക്ക് അത് കണ്ട് ദേഷ്യം വന്നു.എന്നെ കാണാൻ തന്നെയാണ് ഭംഗിഎന്ന് അവൾ തിരിച്ചറിഞ്ഞുകൊണ്ടിരുന്നു.
പെട്ടെന്ന് മഴവില്ല് അപ്രത്യക്ഷമായി.
ഭംഗിയുള്ള മഴവില്ല് നഷ്ടപ്പെട്ടപ്പോൾ സുന്ദരി പ്രാവിന് സങ്കടമായി. ഇനി ഒരിക്കലും താൻ ആരുമായി വഴക്കിടില്ലെന്ന് പറഞ്ഞ് മഴവില്ലിനെ ഒരിക്കൽ കൂടി കാണാൻ വേണ്ടി പ്രാർത്ഥിച്ചു മഴക്കാലം വന്നു. മഴവില്ല് വീണ്ടുമെത്തി.സുന്ദരിക്ക് സന്തോഷമായി.ഇനി ഒരിക്കലും വഴക്കിടില്ലെന്ന് പറഞ്ഞ് അവർ കൂട്ടുകാരായി.
ഗുണപാഠം
ആരും നിസാരക്കാരല്ല.അഹങ്കാരം പാടില്ല

അക്ഷധ.കെ.ജെ
5ബി

# പ്രഭാതം

സ്വർണ്ണ രഥമേറി വരുന്ന
ഹിമകണങ്ങൾ
പൊഴിക്കുന്ന
കളകളാരവം പെയ്യുന്ന
ജലാശയം
മധുരമാം കുയിൽ
തൻ നാദം
അമ്പലമണികൾ
തൊട്ടുയർത്തുമെൻ പ്രഭാതം
പൂവുകൾ തോറും
പൂന്തേനുണ്ടു
നടക്കും മധുപങ്ങൾ
പൂവിന് സുഗന്ധമേറി
വരും
മന്ദമാരുതൻ
മനോഹരമാക്കുമെൻ
സുന്ദര പ്രഭാതം

-വിസ്മയ.യു
8B

# ദിവ്യ ശക്തിയുള്ള വൈദ്യൻ

ഒരു രാജ്യത്ത് രാജാവ് ഉണ്ടായിരുന്നു. ആ രാജാവിന് മൂന്ന് മക്കളായരുന്നു. ആ മൂന്നു കുട്ടികളിൽ ഇളയവനായ മകൻ ജന്മനാ അസുഖം ബാധിച്ച കുട്ടിയായിരുന്നു. അവനെ ആരെകൊണ്ടും രക്ഷിക്കാൻ കഴിയില്ല എന്നും വൈദ്യൻമാർ പറഞ്ഞിരുന്നു.രാജാവിന് തന്റെ ഇളയ മകനോട് തീരെ ആത്മാർത്ഥത കാണിച്ചില്ല. എന്നാൽ റാണിക്ക് തന്റെ മൂന്ന് മക്കളും തുല്യരായിരുന്നു.അവന്റെ രണ്ടു ചേട്ടൻമാരും അവനെ അവരുടെ കൂടെ കളിക്കാൻ കൂട്ടിയില്ല.അങ്ങനെ വർഷങ്ങൾകഴിഞ്ഞു രാജാവ് മൂത്ത മകനെ രാജാവാക്കാമെന്നു തീരുമാനിച്ചു. അവൻ ചെയ്തു കൂട്ടുന്ന കുസൃതികൾ കണ്ട് രാജാവിന് മനസിലായി അവൻ രാജാവായാൽ ഈ രാജ്യം നശിക്കുമെന്ന്. രണ്ടാമത്തെ മകനും അങ്ങനെ തന്നെ . തന്റെ മകനെ ആലോചിച്ച് വിഷമിക്കാൻ തുടങ്ങി.അങ്ങനെ ഇരിക്കെ,ഒരിക്കൽ ഒരു വൈദ്യൻ അവരുടെ രാജ്യത്തു വന്നു. അയാൾ കൊട്ടാരത്തിൽ വന്ന് രാജകുമാരനെ ചികിത്സിച്ച് ഭേദമാക്കുകയും ചെയ്തു. അങ്ങനെ അവർ സുഖമായി ജീവിച്ചു. രാജകുമാരൻ അയാളെ തന്റെ സഭയിലെ അംഗമാക്കുകയും. രാജ്യത്തെ ദിവ്യ ശക്തിയുള്ള വൈദ്യൻ എന്ന് അറിയപ്പെടുകയും ചെയ്തു

-അഭിഷേക് ടി എസ്
9ബി

# ജീവിതത്തിന്റെ സുഗന്ധം

ഒരിക്കൽ ഒരു വ്യക്തി ഒരു പൂന്തോട്ടത്തിന്റെ
നടുവിലൂടെ പൂക്കളെ കണ്ടു രസിച്ച് നടക്കുകയായിരുന്നു. പല
തരത്തിലും പല നിറത്തിലും ഉള്ള അതിമനോഹരമായ പൂക്കള് അവിടെ
ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ
മനസ്സിൽ പെട്ടന്ന് ഒരു ആശയം തോന്നി.എയ്ഡൺ
എന്ന വ്യക്തി ആ പൂക്കളിലെ അതാതുതരം
പുക്കള് പറിച്ചു.തന്റെ വീട്ടിൽ കൊണ്ടുപോയി
വളര്ത്താൻ തീരുമാനിച്ചു.എയ്ഡണ് തന്റെ മടക്ക
യാത്രയിൽ അത് പൊതിഞ്ഞ് കൈയിൽ കരുതി.

ട്രെയിനിൽ ആയിരുന്നു
എയ്ഡണ്ന്റെ യാത്ര.ജനലിനരുക്കിൽ ഇരുന്ന് അദ്ദേഹം ക്ഷീണം
മൂലം ഉറങ്ങിപ്പോയി . കുറെ സമയം കഴിഞ്ഞ് എയ്ഡണ് ഉണര്ന്നു.
കണ്ണു തുറന്നു നോക്കിയ എയ്ഡണ് കണ്ട കാഴച്ച അദ്ദേഹത്തെ വളരെ
വിശമിപ്പിച്ചു. തന്റെ കൈയിൽ ഉണ്ടായിരുന്നമുഴുവൻ പൂക്കളും
ശക്തമായ കാറ്റുമൂലം കൊഴിഞ്ഞു പോയി.
നിരാശയോടെ എയ്ഡണ് യാത്ര തുടര്ന്നു.

കുറച്ചുമാസങ്ങള്ക്കു ശേഷം എയ്ഡണ്
താൻ പോയിരുന്ന അതേ വഴിയിലൂടെ വീണ്ടും യാത്ര ചെയ്യുവാൻ
ഇടയായി.യാത്രക്കിടയിൽ റെയില് പാളത്തിന്റെ ഒരു വശത്ത് വളരെ
ദൂരം നീണ്ടുകിടക്കുകയായിരുന്ന പൂന്തോട്ടങ്ങള് കാണാൻ ഇടയായി.
മാസങ്ങള്ക്ക് മുമ്പ് താൻ കണ്ട പൂന്തോട്ടത്തിലെ പൂക്കള് പൂത്തുലഞ്ഞ്
നിൽക്കുന്നു.

അപ്പോള് എയ്ഡണ് ചിന്തിച്ചു,അന്നു ആ
പൂക്കള് എന്റെ വീട്ടിൽകൊണ്ടു വെച്ചിരുന്നുവെങ്കിൽ എനിക്കും എന്റെ
വീട്ടുക്കാർക്കും മാത്രമേ ഈ പൂക്കളുടെ സുഗന്ധവും ഭംഗിയും
ആസ്വദിക്കുവാൻ കഴിയുമായിരുന്നുള്ളു. എന്നാൽ ഇപ്പോള്
അനേകമനുഷ്യര്ക്ക് ഈ ഭംഗികാണുവാനും ആസ്വദിക്കുവാനും
സാധിച്ചു.

"നമ്മുടെ ജീവിതം നമുക്കു മാത്രമല്ലഅനേകർക്ക് സുഗന്ധവും,
സംതൃപ്തിയും പകരുന്നതാക്കുവാൻ നമ്മുടെ ജീവിതം കൊണ്ടു നമുക്ക്
സാധിക്കണം. അതിനായി നമുക്ക് ശ്രമിക്കാം. ദൈവം
സഹായിക്കട്ടെ".......

അക്സാ പ്രസന്നൻ
6എ

# ഒരു അമ്മ പെറ്റ മക്കള്

ഒരിടത്ത് ഒരിടത്ത് അച്ഛനും അമ്മയും മൂന്ന് മക്കളും ഉണ്ടായിരുന്നു
അദ്യത്തെ കുട്ടിയുടെ പേര് രാമു എന്നായിരുന്നു
രണ്ടാമത്തെ കുട്ടിയുടെ പേര് അഞ്ജു എന്നായിരുന്നു
മൂന്നാമത്തെ കുട്ടിയുടെ പേര് കുഞ്ചു എന്നായിരുന്നു അമ്മയ്ക്ക് അഞ്ജുവിനെ ഒട്ടും ഇഷ്ടമായിരുന്നില്ല . സ്കുളിൽ പോകുമ്പോള് അമ്മ അവരെ മാത്രം കൊണ്ടു വിടും. പക്ഷെ അവളെ മാത്രം അമ്മ കൊണ്ടു വിടില്ല. അവള് തന്നെയാണ് സ്കൂളില് പോകുന്നത്. സ്കൂള് വിട്ട് വീട്ടില് വരുമ്പോള് അമ്മ അവളെ കൊണ്ട് എല്ലാ ജോലിയും ചെയ്യിപ്പിക്കും. പഠിക്കാൻ ഉള്ള സമയമാവുമ്പോള് അമ്മ രാമുവിനേയും കുഞ്ചുവിനേയും വിളിച്ചു അവരെ പഠിപ്പിക്കും. അഞ്ചു പഠിക്കാനുള്ള സമയമാവുമ്പോള് അവള് പോയി പഠിക്കും. അങ്ങനെ ഒരു ഞായറാഴ്ച രാമുവും കുഞ്ചുവും പന്തു കളിക്കുകയായിരുന്നു. അതിന്റെ ഇടയില് പന്തു ഒരു കുഴിയില് വീണു. അതു എടുക്കാൻ പോയപ്പോള് രാമുവും കഞ്ചുവും ആ കുഴിയില് വീണു അത് കണ്ടു അമ്മ ഓടിവന്ന് ആരെങ്കിലും ഓടിവരണെ എന്ന് അലറിവിളിച്ചത് കേട്ട അഞ്ചു ഇറങ്ങി വന്നു. അഞ്ചു അവിടെ കിടന്ന ഓല എടുത്ത് അവരെ രക്ഷിച്ചു. അപ്പോള് അമ്മയ്ക്ക് മനസ്സിലായി മൂന്നു മക്കള് ഉണ്ടെങ്കില് രണ്ടുപേരെ മാത്രം സ്നേഹിച്ചാല് പോരാ മൂന്നുപേരെയും തുല്യമായി സ്നേഹിക്കണം.

അശ്വനി.പീ.സുരേഷ്
6.A

# വാളുകളേക്കാൾ മൂർച്ചയുള്ള വാക്കുകൾ

ഹൃദയതാളത്തിൽനിന്നു പൊടിഞ്ഞ
ജീവരക്തം തുടക്കുവാൻ ആഗ്രഹിച്ച
തുണിക്കെന്തു മൂർച്ച;
ആ മൂർച്ച താങ്ങാനാവില്ല  എനിക്കിന്നീ ഭൂമിയിൽ
എന്തെന്നാൽ
ആ മൂർച്ച പങ്കിടാൻ ആരുമില്ല
എനിക്കിന്നീ ഭൂമിയിൽ

ഇന്നിതാ ജീവിതമൊരു പാതിവഴിയാകുമ്പോൾ
ഒരു  കുന്നുചുമടുഭാരങ്ങളുമേറി നിൽക്കവേ

ഒരു സായാഹ്നവേളയിലെ ചാരുകസേരയിൽ ഇരിക്കവേ
ഓർക്കുന്നു ഞാനെൻ ഹൃദയത്തെ മുറിവേല്പിച്ച
വാളുകൾ, പല കുന്തങ്ങൾ ചൊല്ലുന്നുവെൻ
ഹൃദയമാമുറിവുകൾ വാളുകളുടെതല്ല പിന്നെ....
വാളുകളേക്കാൾ മൂർച്ചയുള്ള വാക്കുകളായിരുന്നെന്ന്
എങ്കിലുമില്ല എനിക്കേറെ സങ്കടം
എന്തെന്നാൽ ഞാനറഞ്ഞിരുന്നുവ
സങ്കടമായിരുന്നെൻ ഹൃദയമെന്നാകിലും..
എങ്കിലുമോർക്കുന്നുഞാനിതാ..
എൻ ഹൃദയത്തേക്കാൾ ഭാരമില്ലെ വാക്കുകൾക്കെന്ന്
എൻ ചിന്തകളെക്കാൾ വേഗതയില്ലെവാക്കുകൾക്കെന്ന്
എൻ സങ്കടങ്ങളേക്കാൾ മൂർച്ചയില്ലെവാക്കുകൾക്കെന്ന്
ചെറുത്തുനിൽക്കാനാവില്ല എനിക്കാ
വാക്കുകൾക്കെതിരേ
വാളുകളേക്കാൾ മൂർച്ചയുള്ള വാക്കുകൾക്കെതിരെ

സച്ചിൻ എസ്   ( 8സി )

# മണ്ണിന്റെ ഗീതം

കാറ്റിന്റെ സ്വരമേളം, പറവകളുടെ
കൂജനം, പുഴയുടെ നൃത്തം,
മരങ്ങളുടെ നിഴല്, പൂക്കളുടെ
ചമയം, മിഥുനരാശിയുടെ
തുടികൾ, പ്രകൃതി തൻ മാസ്മരിക
രാഗങ്ങൾ.
കുന്നിൻ ചെരികളിൽ
പൂത്തുലഞ്ഞ പുൽമേടുകൾ,
വെയിലോളിക്കുന്ന കടലിന്റെ
നീലപ്പട്ട്, മേഘപ്പടകളുടെ
ചിത്രക്കൂട്ടങ്ങൾ, പ്രകൃതി തൻ
നിറപ്പകിട്ടുകൾ.
മഴപെയ്ത്ത് നനഞ്ഞ മണ്ണിന്റെ
ഗന്ധം, ഇളംകാറ്റിൽ പറക്കുന്ന
ഇലകളുടെ ഞരക്കം,
മഞ്ഞുകാലത്തെ മരങ്ങളുടെ
നഗ്നത, പ്രകൃതി തൻ നേർത്ത
മന്ത്രങ്ങൾ.
കാട്ടരുവികളുടെ കുളിര്,
വെയിൽമറഞ്ഞൊളിക്കുന്ന
വനങ്ങൾ, രാത്രികളിൽ മിന്നുന്ന
നക്ഷത്രങ്ങളുടെ മിടിപ്പ്, പ്രകൃതി
തൻ ഭീമതയും, സൗന്ദര്യവും.
മനുഷ്യാഹങ്കാരത്തെ മറികടന്ന്,
പ്രകൃതിയുടെ മടിയിൽ, ശാന്തിയും
സമാധാനവും കണ്ടെത്താം,
കരുതലോടെ സ്നേഹിക്കാം, ഈ
അതിശയങ്ങളെ, നമ്മുടെ സ്വന്തം
പ്രകൃതിയെ.

# മിന്നാമിനുങ്ങ്

ഒരിടത്തൊരിടത്ത് ഒരു മിന്നാമിനുങ്ങുണ്ടായിരുന്നു. ഒരു ദിവസം ആ മിന്നാമിനുങ്ങ് പറന്ന് പറന്ന് ദൂരെ പോയി . അവൾ ഒരു കാടിന്റെ അടുത്തെത്തി . അവൾക്കു പേടിയായി. ഉറങ്ങി കിടക്കുന്ന കാട് . ഭയപ്പെടുതുന്ന തരത്തിലുള്ള കാറ്റ്. അവൾ പേടിച്ച് വിറക്കാൻ തുടങ്ങി. അവൾ പേടിച്ച് വേഗത്തിൽ പറക്കാൻ തുടങ്ങി അവൾ അങ്ങനെ ഒരു ബംഗ്ലാവിന്റെമുന്നിലെത്തി. അവൾ അവിടെ എത്തിയതും ഗേറ്റ് തന്നെ തുറന്നു. അവൾ പേടിച്ചു പോയി. കാറ്റടിച്ച് തുറന്നതാണെന്ന് സ്വയം വിശ്വസിച്ച് അവൾ മുന്നോട്ടു നീങ്ങി. അവൾ അങ്ങനെ ബം ഗ്ലാവിന്റെ അകത്തു കയറി. അവിടെ ഉണ്ടായിരുന്ന ഒരു മരകസേരയിൽ കിടന്നുറങ്ങി. അവൾ ഒരൊച്ച കേട്ട് എഴുന്നേറ്റു. അവൾ അവളുടെ വീട്ടിലേക്ക് പോകുവാനുള്ള വഴി ഒരു ആന കുട്ടിയോട് ചോദിച്ചു. അങ്ങനെ അവൾ വഴിയിലൂടെ പറന്ന് അവളുടെ വീട്ടിലെത്തി.

# കരുണം

അവസാന രാത്രിയിലെ ആലസ്യത്തിൽ നിന്നും ഇനിയുമയാൾ ഉണർന്നിട്ടില്ല . തെരുവുനായ്ക്കളുടെ ഓരിയിടൽ അയാളെ അലോസരപ്പെടുത്തിക്കൊണ്ടിരുന്നു. അപ്പോഴുമയാൾ തുറന്നിട്ട ജാലകത്തിലൂടെ പുറത്തേക്കു നോക്കിക്കൊണ്ടിരുന്നു. വർഷം പത്തു നാല്പ്പതായില്ലേ ഒന്നിച്ചുള്ള അവരുടെ ജീവിതം തുടങ്ങിയിട്ട്. ഇനി മുതൽ അവൾ തന്റെ കൂടെയില്ല എന്ന യാഥാർത്ഥ്യം അയാൾ സാവധാനം തിരിച്ചറിഞ്ഞു. ബോഡി കൊണ്ടുവരാറായില്ലേ, പെട്ടന്ന് എന്താ സംഭവിച്ചേ ? എപ്പോഴാണ് എടുക്കുന്നത്. എന്നിങ്ങനെയുള്ള പലരുടെയും അടക്കി പറച്ചിലുകൾ അയാളുടെ കാതുകളിൽ വന്നു മുഴങ്ങിക്കൊണ്ടിരുന്നു. "ഇനിയെങ്കിലും അതൊന്ന് ഓഫു ചെയ്തു വെക്കടാ " അയാൾ അലറി. വീട്ടിൽതടിച്ചു കൂടിയ പുരുഷാരം അയാളെ പകച്ചു നോക്കി. കോടി പുതപ്പിച്ച് വാഴയിലയിൽകിടത്തിയിരിക്കുന്ന തന്റെ പ്രിയതമയുടെ നിശ്ചലമായി കിടന്ന ശരീരത്തിനടുത്ത് ചാരുകസേരയിൽ അയാൾ നിസ്സംഗനായി ഇരുന്നു. ഉത്തരേന്ത്യയിലെ മൾട്ടി നാഷണൽ കമ്പനിയിലെ ഉന്നതഉദ്യോഗസ്ഥനായ മകന്റെ മൊബൈൽ ഫോൺ തലങ്ങും വിലങ്ങും ശബ്ദിക്കാൻ തുടങ്ങിയപ്പോഴാണ്അയാൾക്ക് അവസാനം സഹികെട്ടത്. മുറിച്ച നാളികേരത്തിൽ ആളികത്തുന്ന നെയ്ത്തിരിയെയും, നിലവിളക്കിനെയും സാക്ഷിയാക്കി അവൾ പടിയിറങ്ങുകയായി. രാമായണ ശീലുകൾക്കിടയിലൂടെ വിതുമ്പുന്ന അധരങ്ങളും, നിറയുന്ന കണ്ണുകളും അവിടവിടം കാണപ്പെട്ടു. ചന്ദനത്തിരിയുടെയും, കർപ്പൂരത്തിന്റെയും ഗന്ധം അന്തരീക്ഷത്തിൽ പരന്നൊഴുകി. തൊടിയിൽ ചിതറിക്കിടക്കുന്ന തേഞ്ഞുതീരറായ അവളുടെ ഇരുചെരുപ്പുകളും , തെക്കേ അയക്കോലായിൽ വിരിച്ചിട്ടിരിക്കുന്ന നരച്ചു പിന്നി നിറം മങ്ങിയ അവളുടെ മുണ്ടും നേരിയതും അയാളുടെ മനസ്സിൽ എന്തെന്നില്ലാത്ത വേദന സമ്മാനിച്ചു കൊണ്ടിരുന്നു.

മാതൃകാദ്ധ്യാപകനാണത്രേ. മാതൃകാദ്ധ്യാപകൻ. ത്ഫൂ......... അയാൾ സ്വയം പുച്ഛിച്ചു . കഴിഞ്ഞ നാല്പതു വർഷക്കാലം കൂടെ കഴിഞ്ഞിരുന്ന ഈ മനുഷ്യ ജീവിയെ ഇതുവരെ ഒന്നു ചേർത്തുപിടിച്ചിട്ടില്ല . പേരെടുത്തൊന്നു വിളിച്ചിട്ടു പോലുമില്ല. അശ്രീകരം, അസത്ത് എന്നെല്ലാമായിരുന്നു അയാൾ അവൾക്ക് ചാർത്തി കൊടുത്ത വിശേഷണം. തൊഴുത്തിലും, തൊടിയിലും തന്നെയായിരുന്നു അവളുടെ ജീവിതവും. അതിനടുത്തു തന്നെ അവൾക്കിപ്പോൾ ചിതയൊരുക്കുന്നു. കാർക്കശ്യക്കാരനായ ഒരു കണക്കുമാഷു തന്നെയായിരുന്നു എന്നും അയാൾ. നാട്ടുകാർക്ക് പ്രിയങ്കരനും സഹപ്രവർത്തകർക്ക് മാതൃകാദ്ധ്യാപകനുമായ താൻ ജീവിതത്തിൽ എന്തു നേടി. അവളോടൊരിക്കലും താൻ സ്നേഹവായ്പോടു കൂടി സംസാരിച്ചിട്ടില്ല. അവൾക്കെന്തു വേണമെന്നോ നിനക്കെന്താണിഷ്ടമെന്നോ ഒരിക്കൽ പോലും ചോദിച്ചിട്ടുമില്ല. തന്റെ എല്ലാ ഇഷ്ടാനിഷ്ടങ്ങളും തന്നേക്കാൾ നന്നായി അവൾക്കറിയാമായിരുന്നു.എന്നിട്ടും അവൾ പരാതിയുടെയോ പരിഭവത്തിന്റെയോ കെട്ടഴിച്ചിട്ടുമില്ല. മരണ വീട്ടിലെ നിലവിളി ഉയർന്നു പൊങ്ങിയപ്പോൾ അയാൾ ചിന്തയിൽ നിന്നും ഞെട്ടിയുണർന്നു. അവളെ ചിതയിലേക്കെടുക്കാറായി. വേച്ചു വേച്ചയാൾ മൃതദേഹത്തിനടുക്കലേക്കെത്തി. എഴുന്നേക്കടി അസത്തെ ...... പൂമുഖത്തല്ലെ കിടക്കുന്നത് അശ്രീകരം...... പരിസരം മറന്നു കൊണ്ടയാൾ പൊട്ടി കരഞ്ഞു കൊണ്ടലറി. വിറങ്ങലിച്ചു കിടക്കുന്ന അവളുടെ ശരീരത്തെ അയാൾ ഹൃദയത്തോടു ചേർത്തു വച്ച് വിതുമ്പി .സിന്ദൂരക്കുറി ചാർത്തി സുന്ദരിയായി അവൾ കിടക്കുന്നു. ആകാശത്തെന്നപോലെ ഓരോ മനസ്സുകളിലും ഉരുണ്ടു കൂടിയ കാർമേഘങ്ങൾ പെയ്യാറായി നില്ക്കുന്നു. മരണാനന്തര ചടങ്ങുകൾ നടക്കുന്നു. നിമിഷങ്ങൾക്കകം കാഴ്ച്ചയിൽ നിന്നവൾ ഇല്ലാതാകും. അവൾ നനുത്ത ഓർമ്മകൾ മാത്രമാകും. അയാൾ അവളെ തന്നോടു ചേർത്തുപിടിച്ച് മൂർദ്ധാവിൽ തെരുതെരെ ചുംബിച്ചു കൊണ്ടിരുന്നു. അവൾക്കുള്ള അയാളുടെ അവസാനത്തെ സമ്മാനം. ചുറ്റിലും നിലവിളി ഉയർന്നു പൊങ്ങി. തെക്കേതൊടിയിലേക്കവൾ യാത്രയായി. അവളുടെ ഗന്ധം അയാളിൽ നിന്ന് എന്നേന്നേയ്ക്കുമായി അന്യമായി. ആരെല്ലാമോ അയാളെ പിടിച്ചു മാറ്റി. കണ്ണുനീരിനൊപ്പം മഴയും ഇടതടവില്ലാതെ കോരി ചൊരിയുന്നുണ്ടായിരുന്നു. ഏകനായി മുറ്റത്തു നിന്ന അയാളെ തഴുകി ഒരിളംകാറ്റ് അപ്പോൾ കടന്നുപോയി. ആ കാറ്റിൽ അവളുടെ ചന്ദനസുഗന്ധം നേർത്ത സാമിപ്യമായി മാറുന്നത് അയാൾ തിരിച്ചറിഞ്ഞു.ജീവിതത്തിൽ, ഒരിക്കൽ കൂടിയൊന്നു പിറകിലേക്ക് സഞ്ചരിക്കാനായെങ്കിൽ ......... എങ്കിൽ ........ അയാളുടെ അധരങ്ങൾ വിതുമ്പി. വിറക്കുന്ന കാലടികളോടെ അയാൾ മുന്നോട്ടു നടക്കുവാൻ ശ്രമിച്ചു. പക്ഷേ മനസ്സ്.......... പിന്നിലേക്കു പറക്കുകയായിരുന്നു,കടിഞ്ഞാൺ പൊട്ടിയ പട്ടം പോലെ ......... സുഭദ്രേ ... ... അയാൾ എന്തൊക്കയോ പിറുപിറുക്കുന്നുണ്ടായിരുന്നു. ആഞ്ഞടിക്കുന്ന കാറ്റിന്റെ ഹുങ്കാരത്തിൽ അയാളുടെ ദുർബലമായ തേങ്ങൽ അലിഞ്ഞു ചേർന്നു. ഇനി ഞാനൊന്നു നടന്നോട്ടേ... പിന്നിലേക്ക് ...... ഈ കാലം തെറ്റി പെയ്യുന്ന മഴയിൽ ഞാനൊന്ന് നനഞ്ഞോട്ടെ... ... എന്റെ കണ്ണുനീരാരും കാണരുത്. കരുണൻ മാഷ് കരുത്തനല്ലേ! മാഷേ ഊണെടുത്തില്ലല്ലോ. ഇനിയില്ല ആ പിൻവിളി. ഈ തോരാ മഴയും കണ്ണുനീരും കാലം എനിക്കു വേണ്ടി കാത്തുവച്ചതാകാം. ഞാനൊന്നു നനയട്ടെ ഈ കാലം തെറ്റിയ മഴയിൽ. എന്റെ പാപക്കറകളെല്ലാം എനിക്കു കഴുകിക്കളയണം ഈ കണ്ണു നീരിൽ...... മാപ്പ് ....... മാപ്പ് ......



ആശ സി കെ
ഹൈസ്ക്കൂൾ അദ്ധ്യാപിക.
ജി.എച്ച്.എസ്.എസ്.
മുപ്പത്തടം

# ഒരു ഓർമ്മക്കുറിപ്പ്

ഗുജറാത്ത് ഇന്ത്യയിൽ ഏറ്റവും കൂടുതൽ കടൽത്തീരമുള്ള സംസ്ഥാനം. രൂപംകൊണ്ട നാൾ മുതൽ സമ്പൂർണ്ണ മദ്യനിരോധനം നിലവിലുള്ള സംസ്ഥാനം. ഇന്ത്യയുടെ രാഷ്ട്രപിതാവായ ഗാന്ധിജിയുടെയും ആദ്യ ആഭ്യന്തരമന്ത്രിയായ സർദാർ വല്ലഭായി പട്ടേലിന്റെയും ജന്മംകൊണ്ട് സഫലമായ നാട്.

നിരവധി വിശേഷണങ്ങൾ ഉള്ള ഗുജറാത്തിലേക്ക് ഒരു യാത്ര ഏറെ നാളത്തെ സ്വപ്നമായിരുന്നു.



2023 ഡിസംബർ 22ന് ഉച്ചയ്ക്ക് ഞങ്ങൾ നെടുമ്പാശ്ശേരിയിൽ നിന്നും യാത്രതിരിച്ചു. നാലുമണിയോടെ അഹമ്മദാബാദിൽ എത്തി. അഹമ്മദാബാദിന്റെ ഹൃദയനാഡിയായി ഒഴുകുന്ന സബർമതി നദിയുടെ തീരത്തുള്ള ഹോട്ടലിൽ ആണ് ഞങ്ങൾ റൂം ബുക്ക് ചെയ്തിരുന്നത്. ഹോട്ടലിൽ എത്തി വിശ്രമിച്ചതിനു ശേഷം വൈകുന്നേരം ഞങ്ങൾ സബർമതിയുടെ കുറുകെയുള്ള അടൽ ബ്രിഡ്ജിൽ നടക്കുവാൻ പോയി. അവിടം ജനനിബിഡമായിരുന്നു.

മനോഹരമായ ഉദ്യാനങ്ങളും ജലധാരകളും അലങ്കാര ദീപങ്ങളും നിറഞ്ഞ ആ നദീതീരത്തിലൂടെ ഒരു സ്വപ്നത്തിൽ എന്നപോലെ ഞങ്ങൾ നടന്നു.

സബർമതി തീരത്തിരുന്ന് അവിടുത്തെ ഇളം കാറ്റേറ്റ് മസാലദോശ കഴിച്ച് ഫിൽട്ടർ കോഫി നുണഞ്ഞിരുന്ന ആ സായാഹ്നങ്ങൾ എന്റെ ഓർമ്മ പുസ്തകത്തിലെ നിറമുള്ള താളുകളായി. അഹമ്മദാബാദിൽ ഉണ്ടായിരുന്ന മൂന്ന് സായാഹ്നങ്ങളിലും സബർമതി തീരത്ത് ഞങ്ങൾ സൊറ പറഞ്ഞിരുന്നു. സബർമതിയുടെ കുറുകെയുള്ള ദീപാലംകൃതമായ പാലങ്ങളും അവയെ ബന്ധിപ്പിക്കുന്ന റോഡുകളും കടുത്ത വർണ്ണങ്ങൾ ചാലിച്ച് ഒരു ചിത്രകാരൻ എഴുതിയ മനോഹര ചിത്രം ആയി തോന്നി.

സബർമതിക്ക് കുറുകെ അഹമ്മദാബാദ് പടർന്നുപന്തലിച്ച് കിടക്കുന്ന കാഴ്ച കണ്ടപ്പോൾ പലവട്ടം പെരിയാറും ആലുവയും മനസ്സിലേക്ക് വന്നു.

പിറ്റേന്ന് രാവിലെ സബർമതി ആശ്രമത്തിലേക്ക് ആയിരുന്നു യാത്ര. ഗാന്ധിജിയുടെ പാദസ്പർശം കൊണ്ട് പുണ്യമായ ആ ഭൂമി മനോഹരമായിരുന്നു. ആശ്രമത്തിന്റെ പവിത്രതയും ശാന്തതയും എല്ലാ രീതിയിലും അവിടെ ദൃശ്യമായിരുന്നു. അതിരാവിലെ ആയതിനാൽ സഞ്ചാരികൾ കുറവായിരുന്നു അന്ന് മുഴുവൻ അഹമ്മദാബാദിലെ കാഴ്ചകൾ കണ്ടതിനുശേഷം രാത്രി ഞങ്ങൾ ജുനഗഡിലേക്ക് യാത്രയായി.



വെളുപ്പിന് ജുനഗഡിൽ എത്തിയശേഷം അവിടെ നിന്ന് ഗീർ വനങ്ങൾ കാണുവാൻ യാത്രയായി. ഗീർ വനത്തിലൂടെയുള്ള സഫാരിക്കായി ടിക്കറ്റ് ഓൺലൈൻ ആയി ബുക്ക് ചെയ്തിരുന്നു രാവിലെ 9 മണിക്കാണ് ഞങ്ങൾക്ക് സമയം ലഭിച്ചത് 9 മണി മുതൽ ഉച്ചയ്ക്ക് 12:30 മണി വരെ ഗിർ വനത്തിലെ കാനനപാതകളിലൂടെ തുറന്ന ജീപ്പിൽ ഞങ്ങൾ സഞ്ചരിച്ചു. പണ്ട് ജോഗ്രഫി ക്ലാസിൽ ടീച്ചർ ഉരുവിട്ടു പഠിപ്പിച്ച ഇന്ത്യയിലെ സിംഹങ്ങൾ ഉള്ള ഒരേയൊരു വനം. ഗൈഡിന്റെ നിർദ്ദേശങ്ങൾ കേട്ട് ഏത് നിമിഷവും പ്രത്യക്ഷപ്പെടാവുന്ന സിംഹത്തെ പ്രതീക്ഷിച്ചു ഞങ്ങൾ യാത്ര തുടർന്നു. പക്ഷേ സിംഹത്തെ കാണുവാൻ സാധിച്ചില്ല.

സഫാരിക്ക് ശേഷം ഞങ്ങൾ സോമനാഥക്ഷേത്രം കാണുവാൻ യാത്രയായി. വൈകുന്നേരത്തോടെ അവിടെ എത്തി. 17 വട്ടം അധിനിവേശ ശക്തികളുടെ ആക്രമണത്തിന് വിധേയമായിട്ടും വീണ്ടും വീണ്ടും പുനസൃഷ്ടിക്കപ്പെട്ട ആ ക്ഷേത്രം തലയെടുപ്പോടെ നിന്നു. അതീവ സുരക്ഷയായിരുന്നു ക്ഷേത്രത്തിൽ ഉടനീളം. ഫോട്ടോഗ്രാഫി അനുവദനീയമായിരുന്നില്ല.

അമ്പലത്തിലേക്ക് പ്രവേശിക്കുവാൻ ക്യൂ നിൽക്കുമ്പോൾ അവിടെ പൂക്കൾ വിൽക്കുന്ന ഒരു പെൺകുട്ടിയുമായി ഓടിവന്നു. മാലവാങ്ങാൻ അവൾ നിർബന്ധിച്ചു. ബാഗ് ലോക്കറിൽ വച്ചതിനാൽ കയ്യിൽ പൈസയില്ല എന്നു പറഞ്ഞപ്പോൾ സാരമില്ല, തിരിച്ചുവരുമ്പോൾ തന്നാൽ മതി എന്നു പറഞ്ഞു.



അവളുടെ നിഷ്കളങ്കതയ്ക്ക് മുന്നിൽ കീഴടങ്ങി മാല വാങ്ങി ഞാൻ അമ്പലത്തിലേക്ക് നടന്നു. തിരിച്ചെത്തി ആ ജനസാഗരത്തിൽ അവളെ പരതിയെങ്കിലും കണ്ടെത്താനായില്ല അവൾ പൂമാല വിറ്റതീർത്ത് തിരികെ പോയിരിക്കുമോ എന്നോർത്ത് ദുഃഖം തോന്നി.

കുറെ നേരം അവിടെ ചെലവഴിച്ച ശേഷം മടങ്ങുവാൻ ഒരുങ്ങുമ്പോൾ മുന്നിൽ അവൾ. മുഷിഞ്ഞ വസ്ത്രങ്ങളും പാറിപ്പറന്ന മുടിയും ദീപ്തമായ കണ്ണുകളുമുള്ള അവൾ.

പൈസ ഞാൻ അവൾക്ക് നേരെ നീട്ടി.

ബാക്കി തരുവാനായി അവൾ പൂക്കോടയിലെ നാണയത്തുട്ടുകൾക്കിടയിൽ പരതുമ്പോൾ ഞാൻ പറഞ്ഞു, "ബാക്കി വെച്ചോളൂ".

അവിശ്വസനീയതയുടെ അവൾ എന്നെ നോക്കി നിൽക്കുമ്പോൾ ഞാൻ ചോദിച്ചു, "നിന്റെ പേരെന്താ?"


മധുരമായ ശബ്ദത്തിൽ അവൾ പറഞ്ഞു, "തപസ്യ".

ഒരു പുഞ്ചിരിയോടെ തിരികെ നടക്കുമ്പോൾ ഞാൻ ഓർത്തു ഇവളെ കണ്ടിട്ടാണോ ഒഎൻവി ആമ്പൽപ്പൂ വിൽക്കുന്ന പെൺകുട്ടി എഴുതിയത്?

സ്വപ്ന ജി
ജി എച്ച് എസ് എസ് മുപ്പത്തടം

# സൂര്യൻ

കത്തിയെരിയുമ്പോഴും ഈ പ്രപഞ്ചത്തിനായ്
പ്രകാശം ചൊരിയുന്ന പകലോൻ ഞാൻ
കാറ്റും ചൂടുമേൽക്കുമ്പോഴും എന്നും
പുഞ്ചിരിക്കുന്ന നക്ഷത്ര ഭീമനാം കതിരോൻ
ഞാൻ സൗരയുഥത്തിന്റെ കേന്ദ്രമാം എന്നെ
ചുറ്റുന്ന എട്ട് സുന്ദര ഗ്രഹങ്ങൾ
അതിലൊന്നായ ഭൂമിയിൽ കാറ്റും
മഴയും ഋതുക്കളും ചൊരിയുന്നു ഈ സൂര്യൻ
കാറ്റും വെളിച്ചവും നൽകിയീ ഭൂമിയിൽ
മലകളെ പുഴകളെ പോറ്റുന്ന സൂര്യൻ
മഴയായ് കരയുന്ന , മഴവില്ലായ്
പുഞ്ചിരിക്കുന്ന ഈ സൂര്യൻ ഞാൻ



# ശാസ്ത്ര കടങ്കഥകൾ

1• ഞാൻ നിങ്ങളെ വസ്തു കളെ കാണാൻ സഹായിക്കുന്നു പക്ഷെ കണ്ണല്ല .

**ഉ.പ്രകാശം**

2• ഞാൻ ജലപുത്രനാണ്. മാതാപിതാക്കളുടെ അടുത്തേക്ക് മടങ്ങുമ്പോൾ മരിക്കും . ഞാൻ ആരാണ്?

**ഉ.ഐസ്**

3• ഭൂമിയിലെ ഏറ്റവും വലിയ പ്രകാശത്തിന്റേയും താപത്തിന്റെയും ഉറവിടമായ ഞാനാര്?

**ഉ.സൂര്യൻ**

4• നിങ്ങൾക്ക് അത് വിഴുങ്ങാൻ കഴിയും. അതിന് നിങ്ങളെ വിഴുങ്ങാനും കഴിയും.

**ഉ.ജലം**

5• ഭൗതിക ശാസ്ത്രത്തിൽ ഒരു ക്രിസ്ത്യൻ പൂരോഹിതാണ് പ്രിയപ്പെട്ട ഭാഗം ഏനായിരിക്കും?

**ഉ.മാസ്**

# നാട്ടറിവ്

*കൃഷ്ണ തുളസി, മുഖക്കുരു  മാറ്റാൻ  ഫെയ്സ് പാക്ക്.

*തുളസിയിലനീര്  പതിവായി  പുരട്ടിയിൽ മുഖക്കുരുവും  കറുത്ത  പാടുകളും  മാറ്റും.

* തുളസി  സമം നാരങ്ങ നീരും  ചേർത്ത് പുരട്ടിയാൽ  മുഖകാന്തി  വർധിപ്പിക്കാം.

*തുളസിവേര്  നന്നായരച്ച് നെറ്റിയിൽ പുരട്ടിയാൽ തലവേദന മാറും.

*തുളസിയിലയും ജീരകവും ചേർത്തു കഞ്ഞി വെച്ചു കുടിച്ചാൽ പനി കുറയും.

*തുളസി വേര് അരച്ച് ചെറു ചൂടുവെള്ളത്തിൽ കഴിച്ചാൽ കുട്ടികളിലെ ക്രിമി ശല്യം കുറയും.

* തുളസിയില കിടക്കയിൽ വിതറിയാൽ മൂട്ടയും കൊതുകുകളും കുറയും പേൻ ശല്യം കുറയ്ക്കാനായി രാത്രി സമയം തലയിൽ തുളസിയില വെക്കുക.

*ചിലന്തി കടിച്ചാൽ തുളസിനീരിൽ മഞ്ഞൾ കലക്കി കുടിക്കുകയും പുറമെ പുരട്ടുകയും ചെയ്യുക.

ജി. എച്ച് .എസ് .എസ് മുപ്പത്തടം

# പ്രവേശനോത്സവം

ജൂൺ 1 2023






# പരിസ്ഥിഥി ദിനാചരണം

## ജൂൺ 5 2023










# കെ.ജി പ്രവേശനോത്സവം

ജൂൺ 15 2023

# യോഗ ദിനാചരണം

## ജൂൺ 21 2023


















# ലഹരി വിരുദ്ധ ദിനാചരണം










ജൂൺ 13 2023
ലിറ്റിൽ കൈറ്റ്സ്
അഭിരുചി പരീക്ഷ

# ലിറ്റിൽ കൈറ്റ്സ് പ്രിലിമിനറി ക്യാംപ്

ജൂലൈ 7 2023



# സുഡ് കെമി & പി.ടി.എ അവാർഡ് വിതരണം

ജൂലൈ 13 2023





# വിദ്യാഭ്യാസ അവാർഡ്

## കളമശ്ശേരി നിയോജകമണ്ഡലം



ജൂലൈ 5 2023

# ബഷീര് ദിനാചരണം







# ചാന്ദ്ര ദിനം

## ജൂലൈ 21 2023




ആഗസ്റ്റ് 2, 2023




GOVT HSS MUPPATHADAM
SPC DAY 2023
എസ് പി സി
ദിനം




GOVT HSS MUPPATHADAM
SPC DAY 2023


SPC



# GHSS Muppathadam

KNOWLEDGE INNOVATION TECHNOLOGY
freedom fest 2023
12-15 AUG, THIRUVANANTHAPURAM









# ലിറ്റിൽ കൈറ്റ്സ് സ്കൂൾ ക്യാമ്പ്

# GHSS Muppathadam



## HAPPY INDEPENDENCE DAY

# പഠനവിനോദയാത്ര
## പത്താം ക്ലാസ്സ്













# എട്ട് &ഒമ്പത് പഠനവിനോദയാത്ര








# പഠനവിനോദയാത്ര
# എൽ പി വിഭാഗം



# പഠനവിനോദയാത്ര (യു പി വിഭാഗം)



# മികവുത്സവം 2024
# തിളക്കം




ഗണിത അധ്യാപക പരിശീലനം
03/02/2024
Saturday


മോഡൽ സ്കൂൾ പ്രൊജക്റ്റ്
കഥകളി
നളചരിതം രണ്ടാംദിവസം
12-2-2024
ചെണ്ട
RLV ഹരി കൃഷ്ണൻ
മദ്ദളം
ചുട്ടി
അണിയറ
കളിയോഗം




# *The Royal*




# *English*



# *Fiesta*

**FEBRUARY 14 2023**



# ഓണാഘോഷം

# 2023

ജീവിതത്തിന്റെ സുഗന്ധം-കഥ





# ശാസ്ത്രമേള 2023

ജീവിതത്തിന്റെ സുഗന്ധം-കഥ






# കലോത്സവം 2023



Thank you!